# അനുഷ്ഠാനകലകളിലെ ആവിഷ്കാര-പ്രതിരോധ സാദ്ധ്യതകൾ:
## 'അഗ്നിക്കാവടി'യെ മുൻനിർത്തി ഒരു പഠനം

### ആമുഖം

ഭക്തിയുടെയും ആത്മീയതയുടെയും വിശ്വാസത്തിന്റെയും തലങ്ങ ൾക്കുപരിയായി സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും ഒക്കെയായ ബഹുമുഖ സാദ്ധ്യതകൾ ആരാധനാലയങ്ങൾക്കും അവി ടങ്ങളിൽ നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾക്കുമുണ്ട്. ക്ഷേത്ര ങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ എന്ന രീതിയിലുള്ള വിലയിരുത്തലു കൾ പണ്ടേ നിലവിലുള്ളതാണെങ്കിലും ഫോക്‌ലോർ എന്ന വിജ്ഞാ നശാഖയുടെ വികാസമാണ് അത്തരം സമീപനങ്ങൾക്ക് കൂടുതൽ ആധികാരികത ഉറപ്പുവരുത്തിയത്. ക്രമീകൃതമായ ചിട്ടവട്ടങ്ങളോടെ മനുഷ്യർ പരമ്പരാഗതമായി നിർവ്വഹിച്ചുവരുന്ന ക്രിയാത്മകമായ ചടങ്ങുകളാണ് അനുഷ്ഠാനങ്ങളും അതിനോടനുബന്ധിച്ച് നടക്കുന്ന കലാരൂപങ്ങളും. അത്തരമൊരാനുഷ്ഠാനകലയാണ് തെക്കൻ കേരള ത്തിലെ സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ ഉത്സവത്തിന്റെ ഭാഗമായി ഇന്നും അരങ്ങേറുന്ന 'അഗ്നിക്കാവടി'. പ്രസ്തുത കലയെ മുൻനിർത്തി അനുഷ്ഠാ നകലകളിലെ ആവിഷ്കാര- പ്രതിരോധതലങ്ങളെക്കുറിച്ചുള്ള ഒരു വിശ കലനമാണ് ഈ പഠനം ലക്ഷ്യമാക്കുന്നത്.

### അനുഷ്ഠാനതലം:

അനുഷ്ഠാനം എന്ന നിലയിൽ ഭക്തിയോടും വിശ്വാസത്തോടും കഠിനമായ വ്രതാനുഷ്ഠാനങ്ങളോടുംകൂടി നിർവ്വഹിക്കപ്പെടുന്ന ഒരു

ചടങ്ങാണിത്. ക്ഷേത്രങ്ങളിൽ വാർഷിക ഉത്സവത്തിന്റെ ഭാഗമായിട്ടാണ് ഇത് നടത്തുന്നത്. പ്രധാന ഉത്സവദിവസം രാത്രി ഭക്തർ ക്ഷേത്രപരിസരത്ത് ഒരുക്കിയിട്ടുള്ള വലിയ തീക്കുണ്ഡത്തിലൂടെ നഗ്നപാദരായി കടന്നുപോവുകയും നൃത്തംവെയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ മുഖ്യചടങ്ങ്. ഇതിന് മുന്നോടിയായി ഭക്തർ നാൽപത്തൊന്നു ദിവസത്തെ കഠിനവ്രതം അനുഷ്ഠിക്കുന്നുണ്ട്. (ഇതിൽ പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടാകാം) ഭക്തിയുടെ ഉദാത്താവസ്ഥയിൽ ഉപാസകൻ സ്വയം ദേവതയായി മാറുന്ന അവസ്ഥയാണിവിടെ സംഭവിക്കുന്നത്. ഒരു പക്ഷേ യുക്തികൊണ്ട് വ്യാഖ്യാനിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ അതിൽ ഉണ്ടായി എന്നും വരാം.

ആവിഷ്കാരതലം:

അനുഷ്ഠാനാംശത്തെ മാറ്റിനിർത്തി, കലാംശത്തിന് മുൻതൂക്കം നൽകി അപഗ്രഥിച്ചാൽ ഈ അനുഷ്ഠാനകലയെ അനുഷ്ഠാനാത്മകമായ ഒരു നാടകം എന്നു തന്നെ വിശേഷിപ്പിക്കാം. അനുഷ്ഠിക്കുന്നവർ മാത്രമല്ല കാഴ്ചക്കാരായ കൂട്ടായ്മയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അതിൽ പങ്കുവഹിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട ചടങ്ങുകളും കർമ്മങ്ങളും വേഷവിധാനങ്ങളും അലങ്കാരങ്ങളും താളമേളങ്ങളും എല്ലാം കൂടിച്ചേർന്ന് മാന്ത്രികമായ ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെടുന്നു. അപ്പോഴുണ്ടാകുന്ന ഭക്തിയും ഭയവും കലർന്ന വൈകാരികാവസ്ഥയെ അരിസ്റ്റോട്ടിലിന്റെ 'കഥാർസിസ്' എന്ന നാടക സങ്കൽപത്തോട് ചേർത്ത് വായിക്കാം. ഉത്തമമായ ഒരു നാടകം എന്താണോ ആസ്വാദകന് നൽകുന്നത്; അതുതന്നെയാണ് ഈ അനുഷ്ഠാനകലയും പങ്കാളികൾക്ക് (നിർവ്വഹിക്കുന്നവർക്കും കാഴ്ചക്കാർക്കും) നൽകുന്നത്.

പ്രതിരോധ സാദ്ധ്യതകൾ:

സൈന്ധവസംസ്കാരകാലത്തുനിന്നാരംഭിക്കുന്ന ദ്രാവിഡാരാധനാരീതിയുടെ പാരമ്പര്യം പിൻതുടരുന്ന ഒരു അനുഷ്ഠാനകലയാണ് 'അഗ്നിക്കാവടി.' പക്ഷേ ഈ കലാരൂപം നിലനിൽക്കുന്ന ക്ഷേത്രങ്ങളിൽ ഭൂരിപക്ഷവും ഇന്ന് പൗരോഹിത്യം നിർവ്വഹിക്കുന്നത് വൈദികപാരമ്പര്യം പിൻതുടരുന്ന ബ്രാഹ്മണപൂജാരിമാരാണ്. സമീപകാലം വരെ ഇവയെല്ലാം അബ്രാഹ്മണപൂജ ഉണ്ടായിരുന്നവയുമാണ്. പുനരുദ്ധാരണം കഴിയുന്നതോടുകൂടി ഇവിടെയെല്ലാം ബ്രാഹ്മണപൂജ നടപ്പിൽ വരികയാണുണ്ടായത്. അതേസമയം നിത്യപൂജ ബ്രാഹ്മണരാണെങ്കിലും ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന കാവടിയുമായി ബന്ധപ്പെട്ട

ചടങ്ങുകൾക്ക് കാർമ്മികത്വം വഹിക്കുന്നതും അതിൽ പങ്കാളികളാകുന്നതും തദ്ദേശവാസികളായ അബ്രാഹ്മണർ തന്നെയാണ്. വരേണ്യാധിനിവേശത്തിനിടയിലും നിലനിന്നുപോരുന്ന അതിജീവന സാദ്ധ്യതയായി നമുക്കിതിനെ കണക്കാക്കാം. ഈ സാംസ്കാരികാധിനിവേശം കേരളത്തിലെ ഭൂരിപക്ഷം ക്ഷേത്രങ്ങളിലും സംഭവിച്ചു കഴിഞ്ഞു. പുനരുദ്ധാരണത്തോടുകൂടി പലയിടത്തും ദേശീപാരമ്പര്യങ്ങൾ പിൻതുടരുന്ന തനത് ആരാധനാരീതികൾ അപ്രത്യക്ഷമാവുകയും ആര്യമായ രീതിയിലേക്ക് എല്ലാം ഏകീകരിക്കപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥയിലും അപൂർവ്വം ചിലത് മാറ്റങ്ങളോടെയാണെങ്കിലും പ്രതിരോധിക്കുകയും അതിജീവിക്കുകയും നിലനിൽക്കുകയും ചെയ്യുന്നുണ്ട്. അക്കൂട്ടത്തിലെപ്പെടുന്നു 'അഗ്നിക്കാവടി'.

മനഃശാസ്ത്രതലം:

ശ്രീനാരായണഗുരുവിനെപ്പോലുള്ള നായകന്മാരുടെ നേതൃത്വത്തിൽ സാമൂഹിക-സാംസ്കാരിക നവോത്ഥാനത്തിന്റെ വഴിയിലൂടെ കടന്നു വന്നവരാണ് കേരളജനത. പഴയ പല ആചാരങ്ങളെയും അനാചാരങ്ങൾ എന്നുപറഞ്ഞ് നമ്മൾ ഉപേക്ഷിക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിട്ടുണ്ട്. അത് ആവശ്യവുമാണ്. ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ 'അഗ്നിക്കാവടി' എന്ന അനുഷ്ഠാനം നിർവ്വഹിക്കുന്ന കലാകാരൻ ജീവശാസ്ത്രപരമായി മനുഷ്യശരീരസംബന്ധിയായ സാമാന്യയുക്തിയുടെ പരിധികൾ ലംഘിക്കുന്നുണ്ട്. ശരീരം തുളച്ച് ശൂലം കുത്തുകയും നഗ്നപാദരായി തീയിൽ നൃത്തംവെയ്ക്കുകയും ചെയ്യുന്നു. മുഖ്യചടങ്ങിന് മുന്നോടിയായി അനുഷ്ഠിക്കുന്ന കഠിനവ്രതങ്ങളും നിർവ്വഹണ സമയത്തെ ഭൗതികസാഹചര്യങ്ങളും അവരുടെ മനസിനെയും ശരീരത്തെയും അസാധ്യമായത് ചെയ്യാൻ സജ്ജമാക്കുന്നുണ്ടാകാം. എങ്കിലും സാമാന്യയുക്തിയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ വേദനയുടെയും ഭയത്തിന്റെയും വന്യവും ഹിംസാത്മകവുമായ ഒരു തലം ഈ കലയ്ക്കുണ്ട്. അതിനൊരു വിശദീകരണം ആവശ്യമാണ്.

അടിസ്ഥാനപരമായി മനുഷ്യൻ ഒരു മൃഗം തന്നെയാണ്. എത്ര സാംസ്കാരസമ്പന്നരായി എന്നുപറഞ്ഞാലും നമ്മൾ എല്ലാ മൃഗീയവാസനകളും ഉള്ളിൽ അടക്കിവെച്ചിരിക്കുകയാണ്. അവസരം കിട്ടിയാൽ അത് പുറത്ത് ചാടുകയുംചെയ്യും. അക്രമവാസനയുടെ കാര്യവും അങ്ങനെതന്നെയാണ്. ഫോക്‌ലോർ എന്ന വിജ്ഞാന

ശാഖ അതിന്റെ ധർമ്മങ്ങളിൽ പറയുന്ന പ്രധാനപ്പെട്ട ഒരു ഘടകമാണ് അടക്കിവച്ചിരിക്കുന്ന വികാരങ്ങളുടെ നിർദ്ദോഷമായ വിനിമയം ചെയ്യൽ. അത്തരത്തിലുള്ള ഒരു വിനിമയം—ഉറങ്ങിക്കിടക്കുന്ന ഹിംസാവാസനകളുടെയും അധികോർജ്ജത്തിന്റെയും നിർദ്ദോഷമായ വിനിമയം—ഈ കർമ്മങ്ങളിലൂടെ സംഭവിക്കുന്നുണ്ട്. ഇത്തരം അനുഷ്ഠാനങ്ങളിലെ പങ്കാളികളും പ്രേക്ഷകരും ഈ അവസ്ഥകളിലൂടെ കടന്നു പോകുമ്പോൾ—അത് ഭക്തിയുടെ പേരിലുള്ള ചടങ്ങുകൾ ആണെങ്കില്പോലും—അവർ വ്യക്തിപരമായും സാമൂഹികമായും ഒരു പ്രശാന്തിയുടെ അവസ്ഥയിലേക്ക് എത്തിച്ചേരുന്നുണ്ട്. എല്ലാത്തരത്തിലും ആക്രമണോത്സുകമായ ഇന്നത്തെ സമൂഹത്തിൽ, നിഷേധിക്കാനാവാത്ത ഒരു സാമൂഹികധർമ്മം അബോധപൂർവ്വമാണെങ്കില്പോലും ഇവ നിർവ്വഹിക്കുന്നുണ്ട്.

ഉപസംഹാരം

അധിനിവേശത്തെ അതിജീവിച്ച് ഇന്നും നിലനിൽക്കുന്ന ദ്രാവിഡ സ്വത്വാവിഷ്കാരത്തിന്റെ അപൂർവ്വമാതൃകയാണ് 'അഗ്നിക്കാവടി' എന്ന അനുഷ്ഠാനകല. തനതായ ആചാരങ്ങളും ദേശീപാരമ്പര്യങ്ങളും എല്ലാം വരേണ്യപാരമ്പര്യത്തിലേക്ക് ഏകീകരിക്കപ്പെട്ടുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ സംസ്കാരത്തിന്റെ ബഹുസ്വരതയാണ്. ഈ സാംസ്കാരികാധിനിവേശത്തിന് നൂറ്റാണ്ടുകളുടെ പഴക്കം ഉണ്ടെങ്കിലും ഇനിയെങ്കിലും ഒരു പ്രതിരോധത്തിന്റെ പാഠം ഉയർന്നുവന്നില്ലെങ്കിൽ തനത് എന്ന് പറയാൻ ഒന്നും ബാക്കിയുണ്ടാവില്ല.

ആവേദകൻ: സതീഷ്കുമാർ, പാച്ചല്ലൂർ, തിരുവനന്തപുരം.

കടപ്പാട്: പനത്തുറ ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം, പാച്ചല്ലൂർ പി.ഒ., തിരുവനന്തപുരം.

ശ്രീജ.ജെ.എസ്.
അസി.പ്രൊഫസർ,
മലയാളവിഭാഗം,
കെ.കെ.ടി.എം.ഗവ:കോളേജ്,
കൊടുങ്ങല്ലൂർ.